**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 223** | **09.06.2014 -ന് മറുപടി നൽകേണ്ടിയിരുന്നത്**

**പാരാസെയിലിംഗ് സാഹസിക പ്രകടനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീമതി കെ.എസ്. സലീഖ** | | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | പാരാസെയിലിംഗ് പ്രദർശനമെന്ന പേരിൽ സാഹസിക പ്രകടനക്കാരും, മാതാപിതാക്കളും കൂടി പോലീസ്/റവന്യൂ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 11 മാസം പ്രായമുള്ള കുഞ്ഞിനെ കെട്ടിയിട്ട് പാരച്ചൂട്ടിൽ പറത്തി വിവാദമുണ്ടാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏതെല്ലാം വകുപ്പുകൾ പ്രകാരം പ്രസ്തുത പ്രവൃത്തി നടത്തിയവരുടെ പേരിലും, പരിശീലകരുടെ പേരിലും മറ്റ് പോലീസ് ഉദ്യോഗസ്ഥരുടെ പേരിലും കേസ്സുകൾ എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച് എടക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 489/2014 u/s 23 of Juvenile Justice (Care & Protection of Children) Act 2000 പ്രകാരം കുഞ്ഞിന്റെ പിതാവ് മുഹമ്മദ് നിസാം, S/o. കുഞ്ഞഹമ്മദ്, മാതാവ് സഫിയ നിസാം പരിശീലകനും കുഞ്ഞിന്റെ മുത്തച്ഛനുമായ സഫർ അഹമ്മദ്, S/o. അഹമ്മദ് എന്നിവരെ പ്രതികളാക്കിക്കൊണ്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ പ്രതിപ്പട്ടികയിലില്ല. |
| (സി) | സംസ്ഥാനത്ത് ഇത്തരം സാഹസിക പ്രകടനം നടത്തി അപകടത്തിൽപ്പെട്ട ജില്ലാ ഭരണ മേധാവികൾ ഉൾപ്പെടെയുള്ളവർ ആരെല്ലാം; | (സി) | കണ്ണൂർ ജില്ലാ കളക്ടർ ശ്രീ. ബാലകിരൺ ഐ.എ.എസ്. ഇത്തരത്തിൽ സാഹസിക പ്രകടനം നടത്തി അപകടത്തിൽപ്പെടുകയുണ്ടായി. |
| (ഡി) | ഇത്തരം സാഹസിക പ്രകടനങ്ങളുടെ പരിശീലനത്തിനും, പ്രകടനങ്ങൾക്കും സർക്കാർ അനുമതി നൽകാറുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് അനുമതി നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) & (ഇ) | അഡ്വഞ്ചർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനായി കേന്ദ്ര ടൂറിസം വകുപ്പ്, പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരമുള്ള ജനറൽ ഗൈഡ് ലൈൻ ഓരോ സാഹസിക പ്രകടനങ്ങൾക്കും പാലിക്കേണ്ട പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ച് മേൽ പരിപാടികൾക്ക് ഡിസ്ട്രിക്ട് ടൂറിസം പ്രമോഷൻ കൗൺസിൽ അനുവാദം നൽകിവരുന്നു. ഹെൽമറ്റ് ഉൾപ്പെടെയുള്ള സുരക്ഷാസാമഗ്രികളുടെ നിർബന്ധ ഉപയോഗം, ഫസ്റ്റ് എയ്ഡ് സംവിധാനം, ആംബുലൻസ്, മെഡിക്കൽ ജീവനക്കാരുടെ സാന്നിദ്ധ്യം ഉൾപ്പെടെ ഡി.റ്റി.പി.സി.യുടെ മുൻകൂർ അനുമതിയോടു കൂടിയേ പരിപാടി |
| (ഇ) | പാരാസെയിലിംഗിന് വേണ്ട സുരക്ഷാ സംവിധാനങ്ങൾ എന്തെല്ലാം എന്നും, പിഞ്ചുകുഞ്ഞിനെ പാരച്ചൂട്ടിൽ അനേകരുടെ സാന്നിദ്ധ്യത്തിൽ മാതാപിതാക്കൾ ചേർന്ന് കെട്ടിയിട്ട് പറപ്പിച്ചപ്പോൾ സുരക്ഷാ സംവിധാനങ്ങൾ ഉണ്ടായിരുന്നുവോയെന്നും വ്യക്തമാക്കുമോ; | | |

നടത്തുവാൻ പാടുള്ളൂ. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ പാരാസെയിലിംഗ് നടത്തുമ്പോൾ ആംബുലൻസ്, നേഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ സാന്നിധ്യം കൂടാതെ ഗ്രൂപ്പ് ഇൻഷ്വറൻസ്, ബാധ്യത വിടുതൽ കരാർ ഒപ്പിടൽ, മുന്നറിയിപ്പ് ബോർഡ്, തേർഡ് പാർട്ടി ഇൻഷ്വറൻസ് എന്നിവയും ക്രമീകരിക്കാറുണ്ട്. ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയായാൽ മാത്രമേ ഇതു സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ വെളിവാകുകയുള്ളൂ.

(എഫ്) ഇല്ലെങ്കിൽ സാഹസിക പ്രകടനം ഉദ്ഘാടനം ചെയ്ത ജില്ലാ പോലീസ് മേധാവിയെ സർവ്വീസിൽ നിന്നും മാറ്റി നിർത്തിക്കൊണ്ട് ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എഫ്) ഇത് സംബന്ധിച്ച് നടത്തുന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.